പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4734 26/06/2019- ൽ മറുപടിയ്ക്ക്

## നിരോധിത കീടനാശിനികളുടെ നിയന്ത്രണം

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കീടനാശിനിയുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും കീടനാശിനികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. കേരള സംസ്ഥാന ജൈവ കാർഷിക നയത്തിന്റെ ഭാഗമായി കേരളത്തെ മുഴുവനും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി GO(MS)310/2010/കൃഷി തീയതി 02.2.2010 പ്രകാരം കാസറഗോഡ് ജില്ലയിൽ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെട്ടിരുന്ന കീടനാശിനികളുടെ ഉത്പാദനവും വിപണനവും ഉപയോഗവും നിരോധിച്ച് ഉത്തരവായിരുന്നു. GO(MS)116/2011/കൃഷി 07/05/2011 പ്രകാരം വിഷവീര്യം കൂടിയതും മനുഷ്യ ജീവന് ഹാനികരവുമായ 14 കീടനാശിനികൾ കേരളത്തിൽ ഉപയോഗത്തിൽ ഉള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരോധിച്ചു. സ.ഉ.(എം.എസ്.)നം. 128/2015/കൃഷി തീയതി 28/07/2015 പ്രകാരം സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവന്ന ലേബലോടുകൂടിയ METHOMYL, MEMC എന്നീ കീടനാശിനികളുടെ ഉപയോഗവും പൂർണ്ണമായി നിരോധിച്ചു.<br>കേരളത്തെ സമ്പൂർണ ജൈവ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും ഗ്ലൈഫോസേറ്റിന്റെ അമിത ഉപയോഗം മനുഷ്യരിലും മറ്റ് ജന്തുക്കളിലും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇടയുണ്ടാക്കും എന്ന കേരള കാർഷിക സർവ്വകലാശാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.02.2019 മുതൽ 60 ദിവസത്തേക്ക് ഗ്ലൈഫോസേറ്റ് സ.ഉ.(ആർ.റ്റി.)നം 121/2019/കൃഷി തീയതി 02/02/2019 പ്രകാരം ഉത്തരവ് തീയതി മുതൽ 2 മാസത്തേക്ക് നിരോധിക്കുകയും, കൃഷി ഡയറക്ടറുടെ ഉത്തരവ് പ്രകാരം 24/05/2019 ൽ ഗ്ലൈഫോസേറ്റിന്റെ |

| | | | |
|---|---|---|---|
| | | | കേരളത്തിലെ വിൽപ്പന ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തു ഗ്ലൈഫോസേറ്റും . ഗ്ലൈഫോസേറ്റ് അടങ്ങിയ കളനാശിനികളും കേരളത്തിൽ വിൽപ്പന നടത്തുന്നത് നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ നിരോധിച്ച ഏഴ് കീടനാശിനികൾ ഓൺലൈൻ വഴി ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇപ്രകാരം ഓൺലൈൻ വഴി ലഭ്യമാകുന്നതും ഇതര സംസ്ഥാനങ്ങളിൽ നിന്നും കടത്തി ക്കൊണ്ടുവരുന്നതുമായ കീടനാശിനികൾ കണ്ടുപിടിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം വ്യക്തമാക്കുമോ? | (സി) | ഓൺലൈൻ വഴി ലഭ്യമാകുന്നതും ഇതര സംസ്ഥാനങ്ങളിൽ നിന്നും കടത്തി കൊണ്ടു വരുന്നതുമായ കീടനാശിനികൾ കണ്ടു പിടിക്കുന്നതിന് നിലവിൽ ശക്തമായ സംവിധാനം ഇല്ല. |

**സെക്ഷൻ ഓഫീസർ**